**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവീസസ് - മെഡിക്കൽ ഓഫീസർമാരുടെ ടേൺഡ്യൂട്ടി - മാർഗനിർദേശങ്ങൾ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം./1281/2017/തൊഴിൽ** തിരുവനന്തപുരം, തീയതി:26/09/2017

പരാമർശം:
1) സ.ഉ (സാധാ)നം. 146/2014/തൊഴിൽ, തീയതി 27.01.2014
2)ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 14.01.2016 ലെ ഇ1-22561/2015/ഡി.ഐ.എം.എസ് നമ്പർ സർക്കുലർ.
3)ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 550/2016 മേലുള്ള 05.04.2016 ലെ ഉത്തരവ്.
4)സ.ഉ.(സാധാ)നം.858/2016/തൊഴിൽ, തീയതി, 08.07.2016
5)ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 28.04.2017 ലെ ഇ1-22561/2015/ഡി.ഐ.എം.എസ് നമ്പർ കത്ത്.
6) സ.ഉ.(സാധാ)നം.856/2017/തൊഴിൽ, തീയതി 03.07.2017
7)ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 27.07.2017 ലെ ഇ1-22561/2015/ഡി.ഐ.എം.എസ് നമ്പർ കത്ത്.
8)ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഡോക്ടർമാരുടെ ടേൺഡ്യൂട്ടി സംബന്ധിച്ച വിഷയത്തിൽ രൂപീകരിച്ച കമ്മറ്റിയുടെ 23.08.2017 ലെ യോഗത്തിന്റെ മിനിട്ട്സ്.

***<u>ഉത്തരവ്</u>***

1) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഡോക്ടർമാരെ ടേൺഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ

2001ൽ ചില മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ വകുപ്പിലെ ഡോക്ടർമാരുടെ ക്ഷാമം കാരണം ആവശ്യമായ ഡോക്ടർമാരെ ടേൺഡ്യൂട്ടിയ്ക്കായി ലഭിക്കുന്നില്ലായെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടേൺഡ്യൂട്ടി സംബന്ധിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ 5 0 വയസ് പൂർത്തിയായവർക്കും 2 0 വർഷത്തിൽ കൂടുതൽ സർവീസ് ഉള്ളവർക്കും ടേൺ ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കാമെന്നും എന്നാൽ നിശ്ചിത എണ്ണം ഡോക്ടർമാർ ടേൺ ഡ്യൂട്ടിയ്ക്കായി ലഭ്യമല്ലാത്ത പക്ഷം 5 0 വയസ് കഴിഞ്ഞവരെയും 2 0 വർഷം സർവീസ് പൂർത്തിയാക്കിയവരെയും ഡ്യൂട്ടിയ്ക്കായി നിയോഗിക്കേണ്ടതാണ് എന്നും പബ്ലിക്ക് സർവീസ് കമ്മീഷൻ മുഖാന്തിരം ജോലിയിൽ പ്രവേശിച്ച തീയതി മുതലുള്ള ആകെ സർവീസിൽ നിന്നും നോൺ ക്വാളിഫൈയിംഗ് സർവീസ് കഴിച്ചുള്ള കാലയളവ് കണക്കാക്കിയാണ് 2 0 വർഷ സീനിയോറിറ്റി കണക്കാക്കേണ്ടത് എന്നും ഡോക്ടർമാർ നിർദിഷ്ട എണ്ണത്തിൽ കുറവാണെങ്കിൽ 2 0 വർഷ സർവീസുള്ളവരിൽ ജൂനിയറായവരെയാണ് ടേൺ ഡ്യൂട്ടിക്കായി നിയോഗിക്കേണ്ടത് എന്നും വ്യവസ്ഥ ചെയ്തിരുന്നു.

2)പരാമർശം - 1 ലെ സർക്കാർ ഉത്തരവ് വിവിധ ആശുപത്രികളിൽ വിവിധ തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടതിനാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ ഈ വിഷയത്തിൽ വ്യക്തത വരുത്തി പരാമർശം 2 പ്രകാരം ഒരു സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ആയതിൽ ഇളവിനർഹരായ രണ്ട് വിഭാഗവും ഒരു ആശുപത്രിയിൽ ഉണ്ടാകുന്ന പക്ഷം വയസ് പരിഗണിച്ച് 5 0 വയസ് കഴിഞ്ഞവരെ ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്നും 20 വർഷത്തിൽ കൂടുതൽ സർവീസുള്ളവരെ ഡ്യൂട്ടിയ്ക്കായി നിയോഗിക്കേണ്ടതാണെന്നും സൂചിപ്പിച്ചിരുന്നു. തുടർന്ന് ഇക്കാര്യത്തിൽ വ്യക്തത നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി. പരാമർശം 2 സർക്കുലറിനെതിരെ 2 0 വർഷത്തിൽ കൂടുതൽ സർവീസ് സീനിയോറിറ്റി ഉള്ള ഡോക്ടർമാർ സർക്കാരിന് നിവേദനം സമർപ്പിക്കുകയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്യുകയുമുണ്ടായി.

3)ഡോ.സുധീർ കുമാർ വി.കെ ഫയൽ ചെയ്ത OA 550/2016 മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന നിവേദനത്തിൽ അപേക്ഷകർക്കും മൂന്നാം എതിർ കക്ഷിക്കും ഹിയറിംഗിന് അവസരം നൽകി നിയമ പ്രകാരം തീരുമാനമെടുക്കാൻ സർക്കാരിന് നിർദേശം നൽകിയിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഹിയറിംഗ്

നടത്തുകയും ഉത്തരവ് നടപ്പിലാക്കി പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവിൽ 5 0 വയസ് പൂർത്തിയാക്കിയവരെ ടേൺഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും ഇളവിനർഹരായവരെല്ലാം 5 0 വയസ് പൂർത്തിയായവരാണെങ്കിൽ പ്രായം കൂടിയവരെ ഒഴിവാക്കാനാണ് നിഷ്കർഷിച്ചിരുന്നത്. ടി സർക്കാർ ഉത്തരവ് പ്രകാരം പ്രായം കൂടിയവർക്കാണ് ടേൺ ഡ്യൂട്ടി ഇളവ് അനുവദിക്കുന്നതിൽ മുൻഗണന നൽകിയത്. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഡോക്ടർമാരുടെ വിരമിക്കൽ പ്രായം 6 0 വയസാക്കിയ സാഹചര്യത്തിൽ ഈ വിഷയത്തിൽ ഒരു കമ്മറ്റി രൂപീകരിച്ച് പഠനം നടത്താമെന്ന് ഹിയറംഗ് ഓഫീസർ നിർദേശിച്ചിരുന്നു. എന്നാൽ പരാമർശം 4 സർക്കാർ ഉത്തരവിനെതിരായി ചില ഡോക്ടർമാർ വീണ്ടും കോടതി മുൻപാകെ ഹർജി ഫയൽ ചെയ്യുകയുണ്ടായി. ഈ വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുയുമുണ്ടായി.

4)ടേൺഡ്യൂട്ടി സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുകയും വീണ്ടും കോടതിയിൽ കേസുകൾ ഫയൽ ചെയ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ആരോഗ്യ വകുപ്പ് ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ച് പരാമർശം 6 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടേൺഡ്യൂട്ടി ഇളവിനർഹരായ രണ്ട് വിഭാഗവും (5 0 വയസ് പൂർത്തിയായവരും 20 വർഷത്തിൽ കൂടുതൽ സർവീസ് സീനിയോറിറ്റി ഉള്ളവരും) ഒരാശുപത്രിയിൽ ഉണ്ടാകുന്ന പക്ഷം പ്രായക്കൂടുതലുള്ളവർക്കാണോ അതോ സർവീസ് സീനിയോറിറ്റി കൂടുതലുള്ളവർക്കാണോ ടേൺഡ്യൂട്ടി ഇളവ് അനുവദിക്കുന്നതിൽ മുൻഗണന നൽകേണ്ടത് എന്ന വിഷയം കമ്മറ്റിയുടെ 23.08.2017 ൽ കൂടിയ യോഗം ചർച്ച ചെയ്തു. ടേൺഡ്യൂട്ടി എന്നത് തുടർച്ചയായ 12 മണിക്കൂർ ഡ്യൂട്ടിയാണ്. പ്രായം കൂടുന്തോറും കൂടുതൽ സമയം (പ്രയാസം കൂടിയ) ജോലികൾ ചെയ്യേണ്ടി വരുന്നത് ബുദ്ധിമുട്ടുണ്ടാക്കും എന്ന പൊതുതത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ടി വിഷയത്തിൽ പ്രായത്തിന് മുൻതൂക്കം നൽകിയിട്ടുള്ളത്. ആരോഗ്യ വകുപ്പിലും ഇതേ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്. ആയതിനാൽ ടേൺഡ്യൂട്ടി ഇളവ് നൽകുന്നതിൽ പ്രായത്തിന് മുൻതൂക്കം നൽകണമെന്ന നിബന്ധനയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു. എന്നാൽ വകുപ്പിലെ അലോപ്പതി വിഭാഗം മെഡിക്കൽ ഓഫീസർമാരുടെ വിരമിക്കൽ പ്രായം 60 വയസാക്കി ഉയർത്തിയ സാഹചര്യത്തിൽ 50 വയസ് പൂർത്തിയായവർക്കും 20 വർഷത്തിൽ കൂടുതൽ സർവീസ് ഉള്ളവർക്കും ടേൺ ഡ്യൂട്ടിയിൽ ഇളവ്

നൽകാമെന്ന വ്യവസ്ഥ യഥാക്രമം 5 4 വയസ്സും 2 4 വർഷവുമാക്കാനും യോഗം തീരുമാനിച്ചു.

5)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 8 ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകളുൾപ്പെടുത്തി പരാമർശം 4 ലെ സർക്കാർ ഉത്തരവ് പരിഷ്കരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരിൽ 54 വയസ് പൂർത്തിയായവർക്കും 2 4 വർഷത്തിൽ കൂടുതൽ സർവീസ് ഉള്ളവർക്കും ടേൺ ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കാവുന്നതാണ്. എന്നാൽ നിശ്ചിത എണ്ണം ഡോക്ടർമാർ ടേൺ ഡ്യൂട്ടിയ്ക്കായി ലഭ്യമല്ലാത്ത പക്ഷം 54 വയസ് കഴിഞ്ഞവരെയും 2 4 വർഷം സർവീസ് പൂർത്തിയാക്കിയവരെയും ഡ്യൂട്ടിയ്ക്കായി നിയോഗിക്കേണ്ടതാണ്. ഇളവിനർഹരായ രണ്ട് വിഭാഗവും ഒരു ആശുപത്രിയിൽ ഉണ്ടാകുന്ന പക്ഷം വയസ് പരിഗണിച്ച് 5 4 വയസ് കഴിഞ്ഞവരെ ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കേണ്ടതും 24 വർഷത്തിൽ കൂടുതൽ സർവീസുള്ളവരെ ഡ്യൂട്ടിയ്ക്കായി നിയോഗിക്കേണ്ടതുമാണ്. അതായത് ഇളവിനർഹരായ രണ്ട് വിഭാഗവുമുള്ള പക്ഷം പ്രായത്തിന് മുൻഗണന നൽകേണ്ടതാണ്.

ii)ഡെപ്യൂട്ടേഷന് ഡോക്ടർമാരെ ആശുപത്രിയിൽ നിന്ന് നിയമിക്കുമ്പോൾ താഴെ പറയുന്ന ക്രമം പാലിക്കേണ്ടതാണ്.

(a).ഡ്യൂട്ടി ഇളവ് ലഭിച്ചിട്ടുള്ളതും സ്പെഷ്യാലിറ്റി ചാർജ്ജ് വഹിക്കാത്തതുമായ ഡോക്ടർമാർ

(b).പ്രസ്തുത ഡോക്ടർമാരുടെ അഭാവത്തിൽ സ്പെഷ്യാലിറ്റി വിഭാഗം ചാർജ്ജ് വഹിക്കാത്ത ഡോക്ടർമാർ

iii)എല്ലാ ദിവസവും കാൾ ഡ്യൂട്ടി എടുക്കുന്ന അനസ്റ്റേറ്റിസ്റ്റ്മാരെ മാത്രമേ ടേൺഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കേണ്ടതുള്ളു.

6)ടേൺഡ്യൂട്ടിയുമായി ബന്ധപ്പെട്ട പരാമർശം 1 , 4 സർക്കാർ ഉത്തരവുകളിലെ മറ്റ് നിബന്ധനകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മോഹനകമാർ.എ.കെ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ്
ഇ/ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.
പകർപ്പ്: ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്
സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**Endorsement No: E1-22561/2015/DIMS Dated, 13.10.2017**

Copy of Government order communicated for strict compliance.

For ~~Director~~ of Insurance Medical Services

To

1. The Regional Deputy Director,
   Insurance Medical Services,
   (SZ), Kollam/(CZ), Ernakulam/(NZ), Kozhikode
2. All Hospital Superintendents
3. File/Stock File/Website

skv-19.10.17